# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3462 24.06.2013-ൽ മറുപടി

### യൂത്ത് കോൺഗ്രസ്സ് സംഘടനാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന സംഘട്ടനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് യൂത്ത് കോൺഗ്രസ്സ് സംഘടനാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട് ; | (എ) 37 സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. |
| ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ; | (ബി) കരമന, പൂന്തുറ, കൊല്ലം ഈസ്റ്റ്, കന്നിക്കോട്, കടയ്ക്കൽ, അടൂർ, കീഴ്‌വായ്പൂർ, ചങ്ങനാശ്ശേരി, പാമ്പാടി, കൊച്ചി കസബ, എറണാകുളം സെൻട്രൽ, പിറവം, തടിയിട്ടപറമ്പ്, തൃശ്ശൂർ വെസ്റ്റ്, കുന്നംകുളം, വടക്കാഞ്ചേരി, നെന്മാറ, ചെമ്മങ്ങാട്, കൊടുവള്ളി, തളിപ്പറമ്പ എന്നീ പോലീസ് സ്റ്റേഷനുകളിലായി 38 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര കൊല പാതകങ്ങൾ ഉണ്ടായി ; എവിടെയെല്ലാം ; ആരൊക്കെയാണ് കൊലചെയ്യപ്പെട്ടത് ; പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു ; ഇപ്രകാരം ജയിലിലടക്കപ്പെട്ടവർ ആരൊക്കെ ; വിശദമാക്കുമോ ; | (സി) ഒരു കൊലപാതകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അയ്യന്തോൾ എന്ന സ്ഥലത്ത് വച്ച് മധു എന്നയാൾ കൊലചെയ്യപ്പെടുകയും ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുമായി ബന്ധപ്പെട്ട് 7 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പ്രതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. ഷിനോജ് S/o ജോഷി<br>2. മാർട്ടിൻ S/o പൊറിഞ്ചു<br>3. പ്രവീൺ S/o പരമേശ്വരൻ<br>4. സുരേഷ് S/o സുബ്രഹ്മണ്യൻ<br>5. പ്രജിത്ത് S/o പ്രഭാകരൻ<br>6. സന്ദീപ് S/o ഗോപി<br>7. പ്രേംജി S/o ജോർജ് |
| ഡി) യൂത്ത് കോൺഗ്രസ്സ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിപിടി കേസ്സുകളും, കൊലപാതക കേസ്സുകളും പൊതുജനങ്ങളിൽ ഭീതി പരത്തുന്നതും, ക്രമസമാധാന പ്രശ്നം സൃഷ്ടിക്കുന്നതും ആണെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ